ജി5-9762/2023

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കണ്ണൂർ, തീയ്യതി, 20/05/2023

## റീ ടെണ്ടർ നോട്ടീസ്

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിലേക്ക് 2023-24 വർഷത്തേക്ക് ആവശ്യമുള്ള താഴെപറുന്ന ലിസ്റ്റ് പ്രകാരമുള്ള ക്യാഷ് റസീറ്റ്, റസീറ്റ് ബുക്ക് എന്നിവ റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിൽ പ്രിന്റ് ചെയ്ത് സപ്ലൈ ചെയ്യുന്നതിന് തയ്യാറുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മുദ്രവെച്ച മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറുകൾ നിശ്ചിത ഫോറത്തിൽ സീൽ ചെയ്ത കവറിന്റെ പുറത്ത് പ്രത്യേകം രേഖപ്പെടുത്തി 07/06/2023 ന് 3 മണിക്ക് മുമ്പായി കോർപ്പറേഷൻ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

LIST OF ITEMS

| | | | |
|---|---|---|---|
| (1) | Computer Cash Receipt | - | 1 No |
| (2) | Cash Receipt Book ( 50 pages with duplicate) | - | 1 No |
| (3) | ജനകീയാസൂത്രണ പദ്ധതി റസീറ്റ് ബുക്ക് ( 50 pages with duplicate) | - | 1 No |

2,000/- രൂപ ഇ.എം.ഡി ആയി കെട്ടിവെക്കേണ്ടതും 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക കരാർ സഹിതം ടെണ്ടർ സമർപ്പിക്കേണ്ടതുമാണ്. നിശ്ചിത ടെണ്ടർ ഫോറം 500/- +18% GST മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുന്ന മുറയ്ക്ക് 06/06/2023 ന് 3 മണിവരെ ലഭിക്കുന്നതാണ്. ടെണ്ടറുകൾ 07/06/2023 ന് 4 മണിക്ക് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്. അച്ചടി, കടലാസ്, ബൈന്റിംഗ് എന്നിവയുടെ ഗുണനിലവാരം കണക്കിലെടുത്ത് ഏറ്റവും കുറഞ്ഞ നിരക്കിലുള്ളത് പരിഗണിക്കുന്നതാണ്. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ സ്വീകരിക്കുന്നതിനോ തള്ളുന്നതിനോ കൗൺസിലിന്/സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ടെണ്ടർ അംഗീകരിച്ച് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് 7 ദിവസത്തിനകം 200/- രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വെച്ച് 10,000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം സമർപ്പിച്ച് കേരള ഗവ:സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് വിധേയമായി റണ്ണിംഗ് കോൺട്രാക്ട് കാലയളവിൽ 2023-24 വർഷക്കാലത്തേക്ക് അംഗീകരിച്ച നിരക്കിൽ ആവശ്യപ്പെടുന്നതനുസരിച്ച് പ്രസ്തുത ഇനങ്ങൾ പ്രിന്റ് ചെയ്ത് സപ്ലൈ ചെയ്യേണ്ടതാണ്. സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ സാമ്പിൾ ഹാജരാക്കേണ്ടതാണ്. ഓരോ ഇനത്തിനും ഒരെണ്ണത്തിനുള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. എല്ലാ ഇനങ്ങൾക്കും ക്വാട്ട് ചെയ്യാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ ജി5 സെക്ഷനിൽ അന്വേഷിച്ചറിയാവുന്നതാണ്.

അഡീഷണൽ സെക്രട്ടറി
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

പകർപ്പ്:- (1) ഓഫീസ് നോട്ടീസ് ബോർഡിൽ
(2) എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ/പത്രപരസ്യം
(3) അംഗീകൃത സ്ഥാപനങ്ങൾക്ക്
(4) ബഹു.മേയറുടെ മേശപ്പുറത്ത്

MUNICIPAL CORPORATION OF KANNUR